# <u>മൂന്നാം വട്ടവും കാപ്പ ചുമത്തി ജയിലിൽ അടച്ചു</u>

ആലുവ വെസ്റ്റ്, പറവൂർ, വടക്കേക്കര പോലീസ് സ്റ്റേഷൻ പരിധികളിൽ പത്തോളം കേസിൽ പ്രതിയായ യുവാവിനെ മൂന്നാം വട്ടവും കാപ്പ ചുമത്തി ജയിലിലടച്ചു. പറവൂർ കോട്ടുവള്ളി അത്താണി ഭാഗത്ത് കൽപ്പട പറമ്പിൽ വിട്ടിൽ ഷാൻ (ചക്കു 29) എന്നയാളേയാണ് റൂറൽ ജില്ലാ പോലീസ് മേധാവി കെ. കാർത്തിക്കിൻറെ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ ജയിലിലടച്ചത്. കൊലപാതകശ്രമം, കവർച്ച, ദേഹോപദ്രവം, സ്ഫോടകവസ്തു ഉപയോഗിക്കൽ തുടങ്ങിയ കേസുകൾ ഇയാൾക്കെതിരെയുണ്ട്. 2018, 2019 വർഷങ്ങളിലും ഷാനുവിനെ കാപ്പ ചുമത്തി ജയിലിലടച്ചിരുന്നു. ശിക്ഷ കഴിഞ്ഞ് പുറത്തിറക്കിയ ഇയാൾ കഴിഞ്ഞ നവംബറിൽ ആലുവ പോലീസ് സ്റ്റേഷൻ പരിധിയിൽ വീടുകയറി അക്രമിച്ചതിനെ തുടർന്ന് വീണ്ടും കാപ്പ ചുമത്തിയത്. ഇതോടെ ഓപ്പറേഷൻ ഡാർക്ക് ഹണ്ട് പ്രകാരം 24 പേരെ കാപ്പ നിയമപ്രകാരം നാട് കടത്തിയതായും, 24 പേരെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചതായും എസ്.പി കെ. കാർത്തിക് പറഞ്ഞു.